खण्ड रजिस्ट्री सं० डि० एल्ल. 33004/94 REGISTERED No. DL-33004/94

सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരത ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്


| | | | | | |
|---|---|---|---|---|---|
| सं० 8 | नई दिल्ली | बुधवार | 16, जून 2010 | 26, ज्येष्ट, 1932 (शक) | खण्ड 1 |
| No. 8 | NEW DELHI | Wednesday | 16, June 2010 | 26, Jyaishta, 19 32 (Saka) | Vol. 1 |
| നമ്പർ 8 | ന്യൂഡൽഹി | ബുധൻ | 16, ജൂൺ 2010 | 26, ജ്യേഷ്ഠം, 1932 (ശക) | വാല്യം 1 |


**MINISTRY OF LAW AND JUSTICE**
**(Legislative Department)**

*New Delhi, 9th February, 2010/20th Magha, 1931 (Saka).*

The translation in Malayalam of the Transplantation of Human Organs Act, 1994 is hereby published under the authority of the President and shall be deemed to be the Authoritative Text of this Act in Malayalam under Clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ് (1994-ലെ 42-ാം നമ്പർ ആക്റ്റ്)-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

V. K. BHASIN,
*Secretary to the Government of India.*

GCPT. 3/2461/2010/DTP.

# 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ്

**(1994-ലെ 42-ാം നമ്പർ ആക്റ്റ്)**

[1994 ജൂലൈ 8]

ചികിത്സാപരമായ ആവശ്യങ്ങൾക്കായി മനുഷ്യാവയവങ്ങൾ നീക്കം ചെയ്യലും സംഭരിക്കലും മാറ്റിവയ്ക്കലും നിയന്ത്രിക്കുന്നതിനും മനുഷ്യാവയവങ്ങളിൻമേലുള്ള വാണിജ്യ ഇടപാടുകൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ചികിത്സാപരമായ ആവശ്യങ്ങൾക്കായി മനുഷ്യാവയവങ്ങൾ നീക്കം ചെയ്യലും സംഭരിക്കലും മാറ്റിവയ്ക്കലും നിയന്ത്രിക്കുന്നതിനും മനുഷ്യാവയവങ്ങളിന്മേലുള്ള വാണിജ്യ ഇടപാടുകൾ തടയുന്നതിനും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഭരണഘടനയുടെ 249-ഉം 250-ഉം അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തപ്രകാരമൊഴികെ മുൻപറഞ്ഞ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് സംസ്ഥാനങ്ങൾക്കുവേണ്ടി നിയമം ഉണ്ടാക്കുന്നതിന് പാർലമെന്റിന് അധികാരമില്ലാത്തതിനാലും;

ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിനനുസൃതമായി ഗോവ, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ എല്ലാ നിയമനിർമ്മാണസഭകളും പാർലമെന്റിന്റെ നിയമംമൂലം മുൻപറഞ്ഞ കാര്യങ്ങൾ ആ സംസ്ഥാനങ്ങളിൽ നിയന്ത്രിക്കേണ്ടതാണെന്ന ഉദ്ദേശ്യത്തോടുകൂടി പ്രമേയങ്ങൾ പാസാക്കിയിട്ടുള്ളതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിയഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും ബാധകതയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) പ്രഥമഘട്ടത്തിൽ, ഈ ആക്റ്റ് ഗോവ, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്ക് മുഴുവനും എല്ലാ യൂണിയൻ പ്രദേശങ്ങൾക്കും ബാധകമായിരിക്കുന്നതും ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഇതിലേയ്ക്കായി പ്രമേയംമൂലം ഈ ആക്റ്റ് അംഗീകരിക്കുന്ന അങ്ങനെയുള്ള മറ്റ് സംസ്ഥാനങ്ങൾക്കുകൂടി ഇത് ബാധകമാക്കേണ്ടതുമാണ്.

(3) കേന്ദ്ര സർക്കാർ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ ഗോവ, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും എല്ലാ യൂണിയൻ പ്രദേശങ്ങളിലും ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഈ ആക്റ്റ് അംഗീകരിക്കുന്ന മറ്റേതെങ്കിലും സംസ്ഥാനത്തിൽ അപ്രകാരമുള്ള അംഗീകരിക്കലിന്റെ [1] [തീയതിയിലും] ഇത് പ്രാബല്യത്തിൽ വരേണ്ടതും, ഏതെങ്കിലും സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭവുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം എന്നാൽ, ഈ ആക്റ്റ് അങ്ങനെയുള്ള സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ പ്രാബല്യത്തിൽ വരുന്ന തീയതി എന്നർത്ഥമാകുന്നതും ആകുന്നു.

---

[1] ഈ ആക്റ്റ് 8-8-1995-ൽ കേരള സംസ്ഥാനം അംഗീകരിച്ചു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പരസ്യം" എന്നതിൽ പൊതുജനങ്ങൾക്ക് സാമാന്യമായോ, പൊതുജനങ്ങളുടെ ഏതെങ്കിലും വിഭാഗത്തിനോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് വ്യക്തിപരമായോ ഉള്ള ഏതെങ്കിലും രീതിയിലുള്ള പരസ്യം ചെയ്യലും ഉൾപ്പെടുന്നു;

(ഖ) "സമുചിത അധികാരസ്ഥാനം" എന്നാൽ 13-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള സമുചിത അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഗ) "അധികാരപ്പെടുത്തൽ കമ്മിറ്റി" എന്നാൽ 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഘ) "ബ്രെയിൻ-സ്റ്റെം ഡെത്ത്" എന്നാൽ ബ്രെയിൻ-സ്റ്റെമ്മിന്റെ എല്ലാ പ്രവർത്തനങ്ങളും സ്ഥിരമായും പൂർവ്വരൂപത്തിലാക്കാൻ പറ്റാത്ത വിധത്തിലും നിന്നുപോകുകയും 3-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം അപ്രകാരം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥ എന്നർത്ഥമാകുന്നു;

(ങ) "മരണമടഞ്ഞ ആൾ" എന്നാൽ സജീവ ജനനം നടന്നശേഷം ഏതെങ്കിലും സമയത്ത് ആരിലാണോ ബ്രെയിൻ-സ്റ്റെം ഡെത്തിന്റെ കാരണത്താലോ അല്ലെങ്കിൽ കാർഡിയോ പൾമനറിസെൻസിനാലോ ജീവൻ നിലനിൽക്കുന്നു എന്നതിന്റെ എല്ലാ തെളിവുകളും സ്ഥിരമായി ഇല്ലാതായിട്ടുള്ളത്, ആ ആൾ എന്നർത്ഥമാകുന്നു;

(ച) "ദാതാവ്" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ചികിത്സാപരമായ ആവശ്യങ്ങൾക്കായി അയാളുടെ ഏതെങ്കിലും ശരീരാവയവങ്ങൾ നീക്കം ചെയ്യുന്നതിന് സ്വമേധയാ അധികാരപ്പെടുത്തുന്ന പതിനെട്ടു വയസ്സിനുതാഴെയല്ലാത്ത പ്രായത്തിലുള്ള ഏതൊരാളും എന്നർത്ഥമാകുന്നു;

(ഛ) "ആശുപത്രി" എന്നതിൽ ചികിത്സാപരമായ ആവശ്യങ്ങൾക്കായുള്ള ഒരു നഴ്സിംഗ്ഹോമോ ക്ലിനിക്കോ മെഡിക്കൽ സെന്ററോ മെഡിക്കൽ അല്ലെങ്കിൽ അദ്ധ്യാപന സ്ഥാപനവും അതുപോലെയുള്ള മറ്റ് സ്ഥാപനവും ഉൾപ്പെടുന്നതുമാകുന്നു;

(ജ) "മനുഷ്യാവയവം" എന്നാൽ പൂർണ്ണമായി നീക്കം ചെയ്യുന്നപക്ഷം ശരീരത്തിന് തനിസ്വരൂപത്തിൽ പുനഃസൃഷ്ടിക്കുവാൻ കഴിയാത്ത കോശജാലങ്ങളുടെ ഒരു ഘടനാപരമായ ക്രമീകരണത്തോടുകൂടിയ ഒരു മനുഷ്യശരീരത്തിന്റെ ഏതെങ്കിലും ഭാഗം എന്നർത്ഥമാകുന്നു;

(ഝ) "അടുത്ത ബന്ധു" എന്നാൽ ഭർത്താവോ ഭാര്യയോ മകനോ മകളോ അച്ഛനോ അമ്മയോ സഹോദരനോ അല്ലെങ്കിൽ സഹോദരിയോ എന്നർത്ഥമാകുന്നു;

(ഞ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ട) "ഒടുക്കൽ" എന്നാൽ പണമായോ പണത്തിന്റെ മൂല്യമായോ ഒടുക്കൽ എന്നർത്ഥമാകുന്നതും എന്നാൽ, അതിൽ—

(i) സപ്ലൈ ചെയ്യുന്നതിനുവേണ്ടി, മനുഷ്യാവയവം നീക്കം ചെയ്യുന്നതിന്റെയോ കൊണ്ടുപോകുന്നതിന്റെയോ സുരക്ഷിതമാക്കി സൂക്ഷിക്കുന്നതിന്റെയോ ചെലവോ; അല്ലെങ്കിൽ

(ii) ഒരാൾ അയാളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവം അയാൾ സപ്ലൈ ചെയ്യുന്നതിനുവേണ്ടിയാണെന്ന് ന്യായമായും പ്രത്യക്ഷമായും വിശേഷിപ്പിക്കാവുന്നത്ര അയാൾക്ക് നേരിടേണ്ടിവന്ന ഏതെങ്കിലും ചെലവുകളോ വരുമാന നഷ്ടമോ,

ചെലവാക്കുന്നതിന്റെയോ മടക്കികൊടുക്കുന്നതിന്റെയോ ഏതെങ്കിലും ഒടുക്കൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഠ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) "സ്വീകർത്താവ്" എന്നാൽ ഏതൊരാളിലാണോ ഏതെങ്കിലും മനുഷ്യാവയവം മാറ്റിവയ്ക്കുന്നത് അല്ലെങ്കിൽ മാറ്റിവയ്ക്കുവാൻ ഉദ്ദേശിക്കുന്നത് ആ ആൾ എന്നർത്ഥമാകുന്നു;

(ഢ) "രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ" എന്നാൽ 1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് (1956-ലെ 102)-ലെ 2-ാം വകുപ്പ് (എച്ച്) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ഏതെങ്കിലും അംഗീകൃത വൈദ്യശാസ്ത്ര യോഗ്യതയുള്ളതും പ്രസ്തുത വകുപ്പിലെ (കെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ഒരു സംസ്ഥാന മെഡിക്കൽ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ളതുമായ ഒരു ചികിത്സകൻ എന്നർത്ഥമാകുന്നു;

(ണ) "ചികിത്സാപരമായ ആവശ്യങ്ങൾ" എന്നാൽ ഏതെങ്കിലും രോഗത്തിന്റെ ചിട്ടയായുള്ള ചികിത്സയോ ഏതെങ്കിലും പ്രത്യേകരീതിയോ അല്ലെങ്കിൽ സമ്പ്രദായമോ അനുസരിച്ച് ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളോ എന്നർത്ഥമാകുന്നു;

(ത) "മാറ്റിവയ്ക്കൽ" എന്നാൽ ചികിത്സാപരമായ ആവശ്യങ്ങൾക്കായി ഏതെങ്കിലും ജീവിച്ചിരിക്കുന്ന ആളിൽനിന്നോ അല്ലെങ്കിൽ മരണമടഞ്ഞ ആളിൽ നിന്നോ ഏതെങ്കിലും മനുഷ്യാവയവം മറ്റേതെങ്കിലും ജീവിച്ചിരിക്കുന്ന ആളിൽ ഛേദിച്ചെടുത്ത് ഒട്ടിച്ചുചേർക്കുക എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിനുവേണ്ടിയുള്ള അധികാരസ്ഥാനം

3. മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിനുവേണ്ടിയുള്ള അധികാരസ്ഥാനം.—(1) ഏതെങ്കിലും ദാതാവിന് അയാളുടെ മരണത്തിനുമുമ്പ് ചികിത്സാപരമായ ആവശ്യങ്ങൾക്കായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായും അയാളുടെ ശരീരത്തിലെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്താവുന്നതാണ്.

(2) ഏതെങ്കിലും ദാതാവ്, അയാളുടെ മരണത്തിനുമുമ്പ് ഏതെങ്കിലും സമയത്ത്, രേഖാമൂലമായും രണ്ടോ അതിലധികമോ സാക്ഷികളുടെ സാന്നിദ്ധ്യത്തിലും (കുറഞ്ഞത് ഒരാളെങ്കിലും അങ്ങനെയുള്ള ആളുടെ അടുത്ത ബന്ധുവാകേണ്ടതാണ്) ചികിത്സാപരമായ ആവശ്യങ്ങൾക്കായി അയാളുടെ മരണശേഷം അയാളുടെ ശരീരത്തിലെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അസന്ദിഗ്ദ്ധമായി അധികാരപ്പെടുത്തുന്നപക്ഷം ദാതാവിന്റെ മൃതശരീരം നിയമാനുസൃതമായി കൈവശം വച്ചിരിക്കുന്ന ആൾ, മുൻപറഞ്ഞ അനുമതി ദാതാവ് പിന്നീട് അസാധുവാക്കിയെന്ന് വിശ്വസിക്കത്തക്കതായ ഏതെങ്കിലും കാരണമില്ലെങ്കിൽ, ദാതാവിന്റെ മൃതശരീരത്തിൽനിന്നും ആ മനുഷ്യാവയവം ചികിത്സാപരമായ ആവശ്യങ്ങൾക്കായി നീക്കം ചെയ്യലിനുവേണ്ട എല്ലാ ന്യായമായ സൗകര്യങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകന് അനുവദിക്കേണ്ടതാണ്.

(3) മരണത്തിനുമുമ്പ് ഏതെങ്കിലും ആൾ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം അങ്ങനെയുള്ള യാതൊരു അധികാരപ്പെടുത്തലും നടത്താതിരിക്കുകയും, എന്നാൽ, ചികിത്സാപരമായ ആവശ്യങ്ങൾക്കായി അയാളുടെ മരണശേഷം അയാളുടെ ഏതെങ്കിലും മനുഷ്യാവയവം ഉപയോഗിക്കരുതെന്ന് യാതൊരു ആക്ഷേപവും പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആളുടെ മൃതശരീരം നിയമാനുസൃതമായി കൈവശം വച്ചിരിക്കുന്ന ആൾക്ക് ചികിത്സാപരമായ ആവശ്യങ്ങൾക്കായി മരണമടഞ്ഞ ആളുടെ മനുഷ്യാവയവം ഉപയോഗിക്കുന്നത് മരണമടഞ്ഞ ആളുടെ ഏതെങ്കിലും അടുത്ത ബന്ധുവിന് ആക്ഷേപമുണ്ടെന്ന് വിശ്വസിക്കത്തക്കതായ കാരണമൊന്നുമില്ലെങ്കിൽ, ചികിത്സാപരമായ ആവശ്യങ്ങൾക്കായി മരണമടഞ്ഞ ആളുടെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്താവുന്നതാണ്.

(4) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ അല്ലെങ്കിൽ, അതതു സംഗതിപോലെ, (3)-ാം ഉപവകുപ്പോപ്രകാരം നൽകപ്പെട്ട അനുമതി ചികിത്സാപരമായ ആവശ്യങ്ങൾക്കായി

മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനുള്ള മതിയായ അധികാരപത്രമായിരിക്കുന്നതും: എന്നാൽ, അങ്ങനെയുള്ള യാതൊരു നീക്കം ചെയ്യലും രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ അല്ലാതെയുള്ള ഏതെങ്കിലും ആളാൽ നടത്തപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.

(5) മരണമടഞ്ഞ ആളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവം നീക്കംചെയ്യേണ്ടുന്നിടത്ത്, രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ, അങ്ങനെയുള്ള നീക്കം ചെയ്യലിനുമുമ്പ് ഏതു ശരീരത്തിൽ നിന്നാണോ ഏതെങ്കിലും മനുഷ്യാവയവം നീക്കം ചെയ്യേണ്ടത്, അങ്ങനെയുള്ള ശരീരത്തിൽ ജീവൻ ഇല്ലായെന്ന് നേരിട്ട് പരിശോധന നടത്തിയോ അല്ലെങ്കിൽ ബ്രെയിൻ-സ്റ്റെം ഡെത്തിന്റെ ഒരു സംഗതിയാണെന്ന് തോന്നുന്നിടത്ത് (6)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള മരണമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ, സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

(6) ബ്രെയിൻ-സ്റ്റെം ഡെത്ത് സംഭവിച്ചിട്ടുള്ള ഒരാളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവം നീക്കം ചെയ്യേണ്ടുന്നിടത്ത്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകളും ആവശ്യകതകളും നിറവേറ്റിയതിൻമേലും താഴെപ്പറയുന്ന മെഡിക്കൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ബോർഡിനാൽ അങ്ങനെയുള്ള മരണം സാക്ഷ്യപ്പെടുത്തിയിട്ടില്ലായെങ്കിൽ അങ്ങനെയുള്ള നീക്കം ചെയ്യൽ ഏറ്റെടുക്കുവാൻ പാടുള്ളതല്ല, അതായത്.—

(i) ബ്രെയിൻ-സ്റ്റെം ഡെത്ത് സംഭവിച്ചത് ഏതു ആശുപത്രിയിലാണോ, അതിന്റെ ചാർജ്ജ് വഹിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ;

(ii) സമുചിത അധികാരസ്ഥാനം അംഗീകരിച്ച പേരുകളുടെ പാനലിൽ നിന്നും (i)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനാൽ നാമനിർദ്ദേശം ചെയ്യപ്പെടാവുന്ന, ഒരു പ്രത്യേക രോഗചികിത്സകനായ രജിസ്റ്റർ ചെയ്യപ്പെട്ട സ്വതന്ത്രചികിത്സകൻ;

(iii) സമുചിത അധികാരസ്ഥാനം അംഗീകരിച്ച പേരുകളുടെ പാനലിൽ നിന്നും (i)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനാൽ നാമനിർദ്ദേശം ചെയ്യപ്പെടാവുന്ന, ഒരു ന്യൂറോളജിസ്റ്റ് അല്ലെങ്കിൽ ഒരു ന്യൂറോസർജൻ;

(iv) ഏതൊരാൾക്കാണോ ബ്രെയിൻ-സ്റ്റെം ഡെത്ത് സംഭവിച്ചത് ആ ആളെ ചികിത്സിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ.

(7) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള ഏതെങ്കിലും ഒരാൾക്ക് ബ്രെയിൻ-സ്റ്റെം ഡെത്ത് സംഭവിക്കുകയും (6)-ാം ഉപവകുപ്പനുസരിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നിടത്ത്, മരണമടഞ്ഞ ആളുടെ മാതാപിതാക്കളിൽ ഏതെങ്കിലുമൊരാൾക്ക് മരണമടഞ്ഞ ആളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അനുമതി നൽകാവുന്നതാണ്.

4. <u>ചില സംഗതികളിൽ മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യൽ അധികാരപ്പെടുത്തുവാൻ പാടുള്ളതല്ലെന്ന്.</u>—(1) മരണമടഞ്ഞ ആളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് വേണ്ടിയുള്ള 3-ാം വകുപ്പ് (2)-ാം ഉപവകുപ്പനുസരിച്ചുള്ള സൗകര്യങ്ങളോ പ്രസ്തുത വകുപ്പിലെ (3)-ാം ഉപവകുപ്പനുസരിച്ചുള്ള അധികാരപ്പെടുത്തലോ, അപ്രകാരമുള്ള സൗകര്യങ്ങൾ നൽകേണ്ടതോ അങ്ങനെയുള്ള അനുമതി നൽകുവാൻ അധികാരപ്പെടുത്തപ്പെട്ടതോ ആയ ആൾ, അങ്ങനെയുള്ള ശരീരത്തെ സംബന്ധിച്ച് ആ സമയത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു ഇൻക്വസ്റ്റ് നടത്തേണ്ട ആവശ്യമുണ്ടെന്ന് വിശ്വസിക്കത്തക്ക കാരണമുണ്ടെങ്കിൽ, നൽകേണ്ടതില്ല.

(2) കുഴിച്ചിടുന്നതിനോ, ദഹിപ്പിക്കുന്നതിനോ അല്ലെങ്കിൽ മറ്റുതരത്തിൽ മറവുചെയ്യുന്നതിനോ മാത്രം ഉദ്ദേശിച്ചുകൊണ്ട് ആരെയാണോ അങ്ങനെയുള്ള ശരീരം ഭരമേൽപ്പിച്ചിട്ടുള്ളത്, ആ ആൾ മരണമടഞ്ഞ ആളുടെ ശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരം നൽകുവാൻ പാടുള്ളതല്ല.

5. ആശുപത്രിയിലെയോ ജയിലിലെയോ അവകാശം ഉന്നയിച്ചിട്ടില്ലാത്ത ശരീരങ്ങളുടെ സംഗതിയിൽ മനുഷ്യാവയവം നീക്കം ചെയ്യലിനുള്ള അധികാരം.—(1) മരണമടഞ്ഞ ആളുടെ അടുത്ത ഏതെങ്കിലും ബന്ധുക്കളാൽ ആ ആളുടെ മരണത്തിനുശേഷം നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ, അവകാശം ഉന്നയിക്കപ്പെടാതെ ആശുപത്രിയിലോ ജയിലിലോ കിടക്കുന്ന ഒരു മൃതദേഹത്തിന്റെ സംഗതിയിൽ, ആ സമയത്ത് ആശുപത്രി അല്ലെങ്കിൽ ജയിലിന്റെ നടത്തിപ്പിന്റെയോ നിയന്ത്രണത്തിന്റെയോ ചാർജ്ജ് വഹിക്കുന്ന ആളോ ഇതിലേക്കായി നടത്തിപ്പിന്റെയോ നിയന്ത്രണത്തിന്റെയോ ചാർജ്ജ് വഹിക്കുന്ന ആൾ അധികാരപ്പെടുത്തിയ അങ്ങനെയുള്ള ആശുപത്രിയിലെയോ ജയിലിലെയോ ഒരു ജീവനക്കാരനോ, അപ്രകാരം അവകാശപ്പെടാതെ കിടക്കുന്ന മൃതശരീരത്തിൽനിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അധികാരം നല്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മരണമടഞ്ഞ ആളുടെ ശരീരം അവകാശപ്പെടുവാൻ അങ്ങനെയുള്ള അടുത്ത ബന്ധുക്കളാരും മുന്നോട്ടു വന്നില്ലെങ്കിൽപ്പോലും, ഏതെങ്കിലും അടുത്ത ബന്ധുക്കൾ മൃതശരീരം അവകാശപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന് വിശ്വസിക്കത്തക്ക കാരണമുണ്ടെങ്കിൽ, (1)-ാം ഉപവകുപ്പനുസരിച്ചുള്ള അധികാരം നല്കുവാൻ അധികാരപ്പെടുത്തപ്പെട്ട ആൾ യാതൊരു അധികാരവും നൽകുവാൻ പാടുള്ളതല്ല.

6. മെഡിക്കോ ലീഗൽ അല്ലെങ്കിൽ പാതോളജിക്കൽ ആവശ്യങ്ങൾക്കായി പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് അയച്ച ശരീരങ്ങളിൽനിന്നും മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിനുള്ള അധികാരം.—(ക) അപകടംമൂലമോ അസ്വാഭാവികമായ മറ്റേതെങ്കിലും കാരണത്താലോ അങ്ങനെയുള്ള ആളുടെ മരണം സംഭവിച്ചതെന്ന കാരണത്താൽ മെഡിക്കോ ലീഗൽ ആവശ്യങ്ങൾക്കായോ; അല്ലെങ്കിൽ

(ഖ) പാതോളജിക്കൽ ആവശ്യങ്ങൾക്കായോ,

ഒരാളുടെ ശരീരം പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി അയച്ചിട്ടുള്ളിടത്ത്, ഏത് ആവശ്യങ്ങൾക്കായിട്ടാണോ അങ്ങനെയുള്ള ശരീരം പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് അയച്ചിട്ടുള്ളത് ആ ആവശ്യത്തിന് അങ്ങനെയുള്ള മനുഷ്യാവയവം ആവശ്യം വരുന്നില്ലായെന്ന് വിശ്വസിക്കത്തക്ക കാരണമുണ്ടെങ്കിൽ, ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരം നല്കുവാൻ ഈ ആക്റ്റ് പ്രകാരം ക്ഷമതയുള്ള ആൾക്ക്, ചികിത്സാപരമായ ആവശ്യങ്ങൾക്ക് മരണമടഞ്ഞ ആളുടെ മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്താവുന്നതാകുന്നു, എന്നാൽ, മരിച്ചയാൾ തന്റെ മരണത്തിനുമുമ്പ്, ചികിത്സാപരമായ ആവശ്യങ്ങൾക്കായി മരണശേഷം തന്റെ ഏതെങ്കിലും മനുഷ്യാവയവം ഉപയോഗിക്കാൻ പാടില്ലായെന്ന് എന്തെങ്കിലും ആക്ഷേപം പ്രകടിപ്പിച്ചിട്ടില്ലായെന്നോ ചികിത്സാപരമായ ആവശ്യങ്ങൾക്കായി തന്റെ ഏതെങ്കിലും മനുഷ്യാവയവം ഉപയോഗിക്കുന്നതിന് അധികാരം നൽകിയിട്ടുള്ളിടത്ത്, പ്രസ്തുത അധികാരപ്പെടുത്തൽ അയാളുടെ മരണത്തിനുമുമ്പ് റദ്ദാക്കുകയും ചെയ്തിട്ടില്ലായെന്നോ അയാൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരിക്കേണ്ടതാണ്.

7. മനുഷ്യാവയവങ്ങളുടെ സുരക്ഷിതമാക്കി സൂക്ഷിക്കൽ.—ഏതെങ്കിലും ആളുടെ ശരീരത്തിൽ നിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനുശേഷം, അപ്രകാരം നീക്കം ചെയ്ത മനുഷ്യാവയവം സുരക്ഷിതമാക്കി സൂക്ഷിക്കുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടികൾ എടുക്കേണ്ടതാണ്.

8. ഒഴിവാക്കൽ.—(1) ഒരു മരണമടഞ്ഞ ആളുടെ ശരീരത്തിന്റെ അല്ലെങ്കിൽ ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെ എന്തെങ്കിലും കൈകാര്യം ചെയ്യൽ ഈ ആക്റ്റ് പാസാക്കിയില്ലായിരുന്നുവെങ്കിൽ അങ്ങനെയുള്ള കൈകാര്യം ചെയ്യൽ നിയമപരമാകുമായിരുന്നുവെങ്കിൽ ഈ ആക്റ്റിലെ മുൻപറഞ്ഞ യാതൊരു വ്യവസ്ഥകൾ പ്രകാരവും നിയമവിരുദ്ധമാണെന്ന് അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു മരണമടഞ്ഞ ആളുടെ ശരീരത്തിൽ നിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനുള്ള ഏതെങ്കിലും സൗകര്യം അല്ലെങ്കിൽ അധികാരം നല്കലോ, അങ്ങനെയുള്ള അധികാരത്തിനനുസൃതമായി ഒരു മരണമടഞ്ഞ ആളുടെ ശരീരത്തിൽ നിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ, ഇൻഡ്യൻ

ശിക്ഷാ നിയമ സംഹിത (1860-ലെ 45)-യിലെ 297-ാം വകുപ്പനുസരിച്ച് ശിക്ഷാർഹമായ ഒരു കുറ്റമായി കരുതപ്പെടുവാൻ പാടുള്ളതല്ല.

9. മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിനും മാറ്റിവയ്ക്കലിന്മേലുമുള്ള നിയന്ത്രണങ്ങൾ.— (1) (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരമൊഴികെ, ദാതാവ് സ്വീകർത്താവിന്റെ ഒരു അടുത്ത ബന്ധു അല്ലായെങ്കിൽ അയാളുടെ മരണത്തിന് മുമ്പ് ദാതാവിന്റെ ശരീരത്തിൽ നിന്നും നീക്കം ചെയ്ത യാതൊരു മനുഷ്യാവയവവും സ്വീകർത്താവിൽ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പനുസരിച്ച് ഏതെങ്കിലും ദാതാവ് അയാളുടെ മരണശേഷം അയാളുടെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്തുകയോ അല്ലെങ്കിൽ മരണമടഞ്ഞ ഏതെങ്കിലും ആളുടെ ശരീരത്തിൽ നിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരം നൽകുവാൻ ക്ഷമതയുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും ആൾ അങ്ങനെയുള്ള നീക്കം ചെയ്യലിന് അധികാരം നല്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മനുഷ്യാവയവത്തിന്റെ ആവശ്യം ഉണ്ടാകാവുന്ന ഏതെങ്കിലും സ്വീകർത്താവിന്റെ ശരീരത്തിൽ മനുഷ്യാവയവം നീക്കം ചെയ്യാവുന്നതും മാറ്റിവയ്ക്കാവുന്നതുമാണ്.

(3) ദാതാവ് പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം അടുത്ത ബന്ധുവല്ലാത്ത ഒരു സ്വീകർത്താവിനോടുള്ള പ്രീതിവാത്സല്യത്തിന്റെയോ സ്നേഹത്തിന്റെയോ കാരണത്താലോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേക കാരണങ്ങളാലോ അങ്ങനെയുള്ള സ്വീകർത്താവിന്റെ ശരീരത്തിൽ മാറ്റിവയ്ക്കലിനുവേണ്ടി 3-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് ഏതെങ്കിലും ദാതാവ് അയാളുടെ മരണത്തിനുമുമ്പ് അയാളുടെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്തുന്നപക്ഷം അധികാരപ്പെടുത്തൽ കമ്മിറ്റിയുടെ മുൻകൂർ അനുമതി കൂടാതെ അങ്ങനെയുള്ള മനുഷ്യാവയവം നീക്കം ചെയ്യുകയും മാറ്റിവയ്ക്കുകയും ചെയ്യുവാൻ പാടുള്ളതല്ല.

(4) (ക) കേന്ദ്ര സർക്കാർ, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ഓരോ യൂണിയൻ പ്രദേശങ്ങൾക്കും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കേന്ദ്ര സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്ന അങ്ങനെയുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒന്നോ അതിലധികമോ അധികാരപ്പെടുത്തൽ കമ്മിറ്റികളെ വിജ്ഞാപനപ്രകാരം, രൂപീകരിക്കേണ്ടതാണ്.

(ഖ) സംസ്ഥാന സർക്കാർ, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും സംസ്ഥാന സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്ന അങ്ങനെയുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒന്നോ അതിലധികമോ അധികാരപ്പെടുത്തൽ കമ്മിറ്റികളെ വിജ്ഞാപനപ്രകാരം, രൂപീകരിക്കേണ്ടതാണ്.

(5) ദാതാവും സ്വീകർത്താവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും കൂട്ടായി നൽകിയ ഒരു അപേക്ഷയിന്മേൽ, അധികാരപ്പെടുത്തൽ കമ്മിറ്റി, ഒരു അന്വേഷണം നടത്തിയ ശേഷവും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും ആവശ്യകതകൾ എല്ലാം അപേക്ഷകർ നിറവേറ്റിയിട്ടുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെട്ട ശേഷവും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനും മാറ്റിവയ്ക്കലിനും അപേക്ഷകർക്ക് അനുമതി നൽകേണ്ടതാണ്.

(6) അന്വേഷണം നടത്തിയശേഷവും, അപേക്ഷകരെ കേൾക്കപ്പെടുവാനുള്ള ഒരു അവസരം നൽകിയശേഷവും, അപേക്ഷകർ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ ആവശ്യകതകൾ നിറവേറ്റിയിട്ടില്ലായെന്ന് അധികാരപ്പെടുത്തൽ കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, അത്, ലിഖിതമായി രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ അംഗീകാരത്തിനുള്ള അപേക്ഷ നിരസിക്കേണ്ടതാണ്.

## അദ്ധ്യായം III

## ആശുപത്രികളുടെ നിയന്ത്രണം

10. മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ നടത്തുന്ന ആശുപത്രികളുടെ നിയന്ത്രണം.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിലോ അതുമുതൽക്കോ,—

(ക) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം യാതൊരു ആശുപത്രിയും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ നടത്തുകയോ അവയ്ക്ക് കൂട്ടുനിൽക്കുകയോ സഹായിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും;

(ഖ) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥലത്തുവെച്ചല്ലാതെ മറ്റേതെങ്കിലും സ്ഥലത്തു വെച്ച് ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ സംബന്ധമായി ഏതെങ്കിലും പ്രവർത്തനങ്ങൾ യാതൊരു ചികിത്സകനോ മറ്റേതെങ്കിലും ആളോ നടത്തുകയോ നടത്തുവാൻ ഇടയാക്കുകയോ, അല്ലെങ്കിൽ സ്വമേധയായോ മറ്റേതെങ്കിലും ആൾ മുഖാന്തിരമോ നടത്തുന്നതിനു സഹായിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും;

(ഗ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ആശുപത്രി ഉൾപ്പെടെ യാതൊരു സ്ഥലവും ചികിത്സാപരമായ ആവശ്യങ്ങൾക്കായിട്ടല്ലാതെ ഏതെങ്കിലും ഒരാൾ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനോ സംഭരിക്കലിനോ മാറ്റിവയ്ക്കലിനോ വേണ്ടി ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ഇടയാക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും, ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകന് ചികിത്സാപരമായ ആവശ്യങ്ങൾക്കായി ഏതു സ്ഥലത്തു വെച്ചും ഏതെങ്കിലും ദാതാവിന്റെ മൃതശരീരത്തിൽ നിന്നും കണ്ണുകളോ ചെവികളോ നീക്കം ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ചെവികൾ" എന്നതിൽ കർണ്ണപുടവും കർണ്ണാസ്ഥികളും ഉൾപ്പെടുന്നതാകുന്നു.

11. ചികിത്സാപരമായ ആവശ്യങ്ങൾക്കായിട്ടല്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിന്റെയോ മാറ്റിവയ്ക്കലിന്റെയോ നിരോധനം.—യാതൊരു ദാതാവും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് അധികാരപ്പെടുത്തപ്പെട്ട യാതൊരാളും ചികിത്സാപരമായ ആവശ്യങ്ങൾക്കായിട്ടല്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനുള്ള അനുമതി നല്കുവാൻ പാടുള്ളതല്ല.

12. ദാതാവിനോടും സ്വീകർത്താവിനോടും ഫലങ്ങൾ മുതലായവ വിശദീകരിച്ചു കൊടുക്കുന്നത്.—യാതൊരു രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനും, നീക്കം ചെയ്യലിനെയും മാറ്റിവയ്ക്കലിനെയും, സംബന്ധിച്ച്, ഉണ്ടാകാനിടയുള്ള എല്ലാ ഫലങ്ങളും സങ്കീർണ്ണതകളും അപകടങ്ങളും യഥാക്രമം ദാതാവിനോടും സ്വീകർത്താവിനോടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അയാൾ വിശദീകരിച്ചുകൊടുക്കാത്തപക്ഷം, ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ മാറ്റിവയ്ക്കലോ ഏറ്റെടുക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## സമുചിത അധികാരസ്ഥാനം

13. സമുചിത അധികാരസ്ഥാനം.—(1) കേന്ദ്ര സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഓരോ യൂണിയൻ പ്രദേശങ്ങൾക്കും ഒന്നോ അതിലധികമോ ഉദ്യോഗസ്ഥന്മാരെ വിജ്ഞാപനംമൂലം, സമുചിത അധികാരസ്ഥാനങ്ങളായി നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒന്നോ അതിലധികമോ ഉദ്യോഗസ്ഥന്മാരെ വിജ്ഞാപനംമൂലം, സമുചിത അധികാരസ്ഥാനങ്ങളായി നിയമിക്കേണ്ടതാണ്.

(3) സമുചിത അധികാരസ്ഥാനം താഴെപ്പറയുന്ന ചുമതലകൾ, അതായത്:—

(i) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് രജിസ്ട്രേഷൻ നൽകുകയോ ആ വകുപ്പിലെ (3)-ാം ഉപവകുപ്പനുസരിച്ച് രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്യുകയും;

(ii) 16-ാം വകുപ്പ് (2)-ാം ഉപവകുപ്പനുസരിച്ച് രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുകയും;

(iii) ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിലോ സംഭരിക്കലിലോ മാറ്റിവയ്ക്കലിലോ ഏർപ്പെട്ടിരിക്കുന്ന ആശുപത്രികൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിലവാരം നടപ്പിലാക്കുകയും;

(iv) ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ഉല്ലംഘനത്തിന്റെ ഏതെങ്കിലും പരാതി സൂക്ഷ്മാന്വേഷണം നടത്തുകയും ഉചിതമായ നടപടി എടുക്കുകയും;

(v) മാറ്റിവയ്ക്കലിന്റെ ഗുണനിലവാരവും മാറ്റിവയ്ക്കലിന് വിധേയരായ ആളുകളുടെയും അവയവങ്ങൾ നീക്കം ചെയ്യപ്പെട്ട ആളുകളുടെയും തുടർന്നുള്ള വൈദ്യ പരിരക്ഷയും നിരീക്ഷിക്കുന്നതിന് കാലാകാലങ്ങളിൽ ആശുപത്രികൾ പരിശോധിക്കുകയും;

(vi) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നടപടികൾ ഏറ്റെടുക്കുകയും, ചെയ്യേണ്ടതാണ്.

## അദ്ധ്യായം V

### ആശുപത്രികളുടെ രജിസ്ട്രേഷൻ

14. മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിലോ സംഭരിക്കലിലോ മാറ്റിവയ്ക്കലിലോ ഏർപ്പെട്ടിരിക്കുന്ന ആശുപത്രികളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം യാതൊരു ആശുപത്രിയും, അങ്ങനെയുള്ള ആശുപത്രി ഈ ആക്റ്റിൻ കീഴിൽ യഥാവിധി രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം, ചികിത്സാപരമായ ആവശ്യങ്ങൾക്കായി ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ സംബന്ധിച്ച ഏതെങ്കിലും പ്രവർത്തനം ആരംഭിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ചികിത്സാപരമായ ആവശ്യങ്ങൾക്കായി മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ സംബന്ധിച്ച ഏതെങ്കിലും പ്രവർത്തനത്തിൽ ഭാഗികമായോ പ്രത്യേകമായോ ഏർപ്പെട്ടിരിക്കുന്ന എല്ലാ ആശുപത്രികളും അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ അറുപതു ദിവസത്തിനകം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്:

എന്നിരുന്നാലും, ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലോ സംഭരിക്കലോ മാറ്റിവയ്ക്കലോ സംബന്ധിച്ച ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഹആശുപത്രികളും, അങ്ങനെയുള്ള ആശുപത്രി രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുകയും അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടില്ലാത്ത പക്ഷം, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ മൂന്നു മാസം അവസാനിക്കുമ്പോൾ, അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെ, അവയിൽ ഏത് ആദ്യം സംഭവിക്കുന്നുവോ, അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുന്നത് അവസാനിപ്പിക്കേണ്ടതാണ്.

(2) (1) ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുള്ള എല്ലാ അപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും, അങ്ങനെയുള്ള രീതിയിലും, അങ്ങനെയുള്ള ഫീസ് സഹിതം സമുചിത അധികാരസ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്.

(3) അങ്ങനെയുള്ള ആശുപത്രി അങ്ങനെയുള്ള പ്രത്യേക സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനുള്ള ഒരു അവസ്ഥയിലാണെന്നും അങ്ങനെയുള്ള വിദഗ്ദ്ധ മാനവശേഷിയും ഉപകരണങ്ങളും കൈവശമുണ്ടെന്നും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിലവാരം പുലർത്തുന്നുണ്ടെന്നും സമുചിത അധികാരസ്ഥാനത്തിന് ബോദ്ധ്യമായിട്ടില്ലാത്ത പക്ഷം, യാതൊരു ആശുപത്രിയും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല.

15. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—(1) സമുചിത അധികാരസ്ഥാനം, ഒരു അന്വേഷണം നടത്തിയതിനുശേഷവും ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും എല്ലാ ആവശ്യകതകളും അപേക്ഷകൻ നിറവേറ്റിയിട്ടുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിയിലേക്ക് അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായും, ആശുപത്രിക്ക് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(2) സമുചിത അധികാരസ്ഥാനത്തിന്, അന്വേഷണത്തിനുശേഷവും അപേക്ഷകനെ കേൾക്കുന്നതിനുള്ള അവസരം നല്കിയതിനുശേഷവും, അപേക്ഷകൻ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും ആവശ്യകതകൾ നിറവേറ്റിയിട്ടില്ലായെന്ന് ബോദ്ധ്യമാകുന്നപക്ഷം, ലിഖിതമായി രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ, അത്, രജിസ്ട്രേഷനുള്ള അപേക്ഷ തള്ളിക്കളയേണ്ടതാണ്.

(3) എല്ലാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് ഒടുക്കിയതിന്മേലും പുതുക്കേണ്ടതാണ്.

16. രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യലോ റദ്ദാക്കലോ.—(1) സമുചിത അധികാരസ്ഥാനത്തിന്, സ്വമേധയായോ പരാതിയിന്മേലോ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ രജിസ്ട്രേഷൻ, നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾക്കായി എന്തുകൊണ്ട് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തുകൂടായെന്ന് കാരണം കാണിക്കുന്നതിലേക്കായി ഏതെങ്കിലും ആശുപത്രിക്ക് ഒരു നോട്ടീസ് നല്കാവുന്നതാണ്.

(2) സമുചിത അധികാരസ്ഥാനത്തിന് ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം, കേൾക്കപ്പെടുവാനുള്ള ന്യായമായ ഒരവസരം ആശുപത്രിക്ക് നല്കിയതിനുശേഷം, അങ്ങനെയുള്ള ആശുപത്രിക്ക് എതിരെ എടുക്കാവുന്ന ഏതെങ്കിലും ക്രിമിനൽ നടപടിക്ക് ഭംഗം വരാത്തവിധം അതിന് ഉചിതമെന്ന് തോന്നാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് അതിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, സമുചിത അധികാരസ്ഥാനത്തിന് പൊതുതാല്പര്യത്തിൽ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്നോ ഉചിതമാണെന്നോ അഭിപ്രായമുള്ളിടത്ത്, അതിന് ലിഖിതമായി രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ യാതൊരു നോട്ടീസും നല്കാതെ ഏതൊരു ആശുപത്രിയുടെയും രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാവുന്നതാണ്.

17. അപ്പീലുകൾ.—9-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം അംഗീകാരത്തിനുള്ള ഒരു അപേക്ഷ നിരസിച്ചുകൊണ്ടുള്ള അധികാരപ്പെടുത്തൽ കമ്മിറ്റിയുടെ ഒരു ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഒരാളോ അല്ലെങ്കിൽ 15-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷ നിരസിച്ചുകൊണ്ടോ 16-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്ത്കൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള സമുചിത അധികാരസ്ഥാനത്തിന്റെ ഒരു ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആശുപത്രിയോ ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം, അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ—

(i) 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം രൂപവൽക്കരിച്ച അധികാരപ്പെടുത്തൽ കമ്മിറ്റിയുടെ ഉത്തരവിനെതിരായോ അല്ലെങ്കിൽ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച സമുചിത അധികാരസ്ഥാനത്തിന്റെ ഉത്തരവിനെതിരായോ ആണ് അപ്പീലെങ്കിൽ കേന്ദ്ര സർക്കാർ മുമ്പാകെയോ; അല്ലെങ്കിൽ

(ii) 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം രൂപവൽകരിച്ച അധികാരപ്പെടുത്തൽ കമ്മിറ്റിയുടെ ഉത്തരവിനെതിരായോ അല്ലെങ്കിൽ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പനുസരിച്ച് നിയമിച്ച സമുചിത അധികാരസ്ഥാനത്തിന്റെ ഉത്തരവിനെതിരായോ ആണ് അപ്പീലെങ്കിൽ സംസ്ഥാന സർക്കാർ മുമ്പാകെയോ, അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

## അദ്ധ്യായം VI

## കുറ്റകൃത്യങ്ങളും ശിക്ഷകളും

18. അധികാരം കൂടാതെയുള്ള മനുഷ്യാവയവങ്ങളുടെ നീക്കം ചെയ്യലിനുള്ള ശിക്ഷ.—(1) മാറ്റിവയ്ക്കലിനുള്ള ആവശ്യത്തിനായി അധികാരം കൂടാതെ മനുഷ്യാവയവങ്ങൾ നീക്കം ചെയ്യുന്നതിൽ തന്റെ സേവനങ്ങൾ ഏതെങ്കിലും ആശുപത്രിക്കുവേണ്ടിയോ ആശുപത്രിയിൽ വെച്ചോ നൽകുകയോ അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ നടത്തുകയോ കൂട്ടുനില്ക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലയളവിലേക്കുള്ള തടവും പതിനായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ ആകുന്നിടത്ത്, ആദ്യകുറ്റത്തിന് രണ്ടുവർഷത്തെ ഒരു കാലയളവിലേക്കും പിന്നീടുള്ള കുറ്റങ്ങൾക്ക് സ്ഥിരമായും അയാളുടെ പേര് കൗൺസിലിന്റെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ആവശ്യമായ നടപടികൾ എടുക്കുന്നതിനായി സമുചിത അധികാരസ്ഥാനം അയാളുടെ പേര് അതത് സംസ്ഥാന മെഡിക്കൽ കൗൺസിലിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

19. മനുഷ്യാവയവങ്ങളിന്മേലുള്ള വാണിജ്യ ഇടപാടുകൾക്കുള്ള ശിക്ഷ.—(ക) ഏതെങ്കിലും മനുഷ്യാവയവം സപ്ലൈ ചെയ്യുന്നതിനോ സപ്ലൈ ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നതിനോ വേണ്ടി ഏതെങ്കിലും പണം കൊടുക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ ;

(ഖ) ഏതെങ്കിലും മനുഷ്യാവയവം പണത്തിനുവേണ്ടി സപ്ലൈ ചെയ്യുവാൻ തയ്യാറുള്ള ഒരാളെ കണ്ടുപിടിക്കുന്നതിന് അന്വേഷണം നടത്തുകയോ ;

(ഗ) ഏതെങ്കിലും മനുഷ്യാവയവം പണത്തിനുവേണ്ടി സപ്ലൈ ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയോ ;

(ഘ) ഏതെങ്കിലും മനുഷ്യാവയവം സപ്ലൈ ചെയ്യുന്നതിനോ സപ്ലൈ ചെയ്യുവാൻ വാഗ്ദാനം ചെയ്യുന്നതിനോ വേണ്ടി എന്തെങ്കിലും പണം കൊടുക്കൽ നടത്തുന്നതുൾപ്പെടെ ഏതെങ്കിലും ഏർപ്പാടുകൾ തുടങ്ങുകയോ കൂടിയാലോചിക്കുകയോ ചെയ്യുകയോ ;

(ങ) ആരുടെ പ്രവർത്തനങ്ങളിലാണോ (ഘ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഏർപ്പാടുകൾ തുടങ്ങുന്നതോ കൂടിയാലോചിക്കുന്നതോ അടങ്ങിയിരിക്കുകയോ ഉൾപ്പെടുകയോ ചെയ്യുന്നത് ആ ആളുകളുടെ ഒരു നികായത്തിന്റെ, അത് ഒരു സൊസൈറ്റിയോ ഫേമോ കമ്പനിയോ ആയാലും, നടത്തിപ്പിലോ നിയന്ത്രണത്തിലോ പങ്കെടുക്കുകയോ ;

(ച)—

(ക) ഏതെങ്കിലും മനുഷ്യാവയവം പണത്തിനുവേണ്ടി സപ്ലൈ ചെയ്യുന്നതിന് ആളുകളെ ക്ഷണിക്കുകയോ ;

(ഖ) ഏതെങ്കിലും മനുഷ്യാവയവം പണത്തിനുവേണ്ടി സപ്ലൈ ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയോ ;

(ഗ) (ഘ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഏർപ്പാടുകൾ തുടങ്ങുന്നതിനോ കൂടിയാലോചിക്കുന്നതിനോ സന്നദ്ധനാണെന്ന് പരസ്യക്കാരൻ ചൂണ്ടിക്കാണിക്കുകയോ,

ചെയ്തു കൊണ്ട് ഏതെങ്കിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയോ വിതരണം ചെയ്യുകയോ അല്ലെങ്കിൽ പ്രസിദ്ധപ്പെടുത്തിക്കുകയോ വിതരണം ചെയ്യിക്കുകയോ ചെയ്യുന്ന ഏതൊരാളെയും രണ്ടു വർഷത്തിൽ കുറയാതെയും എന്നാൽ ഏഴുവർഷത്തോളം ആകാവുന്നതുമായ തടവുശിക്ഷയ്ക്കും പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ ഇരുപതിനായിരം രൂപയോളമാകാവുന്നതുമായ പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ് :

എന്നാൽ, കോടതിയ്ക്ക്, വിധിന്യായത്തിൽ പറയാവുന്ന മതിയായതും പ്രത്യേകവുമായ കാരണങ്ങളാൽ രണ്ടുവർഷത്തിൽ കുറഞ്ഞ ഒരു കാലയളവിലേക്കുള്ള തടവിനും പതിനായിരം രൂപയിൽകുറഞ്ഞ പിഴയ്ക്കും ശിക്ഷ വിധിക്കാവുന്നതാണ്.

20. ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നതിനുള്ള ശിക്ഷ.—ഈ ആക്റ്റിൽ യാതൊരു ശിക്ഷയും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത, ഈ ആക്റ്റിലെ അല്ലെങ്കിൽ

അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെ ഏതെങ്കിലും വ്യവസ്ഥകളെയോ അനുവദിച്ച രജിസ്ട്രേഷന്റെ ഏതെങ്കിലും നിബന്ധനകളെയോ ലംഘിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന ഒരു കാലയളവിലേക്കുള്ള തടവോ അയ്യായിരം രൂപയോളമാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

21. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തുന്നതിന് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഏതൊരാളും കൂടാതെ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ അയാൾ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിലുള്ള ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ;

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

22. കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ.— (1) (ക) ബന്ധപ്പെട്ട സമുചിത അധികാരസ്ഥാനമോ അല്ലെങ്കിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ, അതതു സംഗതിപോലെ, സമുചിത അധികാരസ്ഥാനമോ ഇതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ; അല്ലെങ്കിൽ

(ഖ) ആരോപിക്കപ്പെട്ട കുറ്റത്തെയും കോടതിയിൽ ഒരു പരാതി നല്കുവാനുള്ള അയാളുടെ ഉദ്ദേശ്യത്തെയും സംബന്ധിച്ച് ബന്ധപ്പെട്ട സമുചിത അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അറുപത് ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകിയ ആളോ, നൽകിയ ഒരു പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും ഈ ആക്റ്റിൻ കീഴിലെ ഒരു കുറ്റം നടപടിയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേറ്റോ അല്ലെങ്കിൽ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റോ അല്ലാത്ത യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡമനുസരിച്ചുള്ള ഒരു പരാതി നല്കപ്പെട്ടിട്ടുള്ളിടത്ത്, കോടതിക്ക് അങ്ങനെയുള്ള ആളുടെ ആവശ്യത്തിന്മേൽ, സമുചിത അധികാരസ്ഥാനത്തോട് അതിന്റെ കൈവശമുള്ള പ്രസക്ത റിക്കാർഡുകളുടെ പകർപ്പുകൾ അങ്ങനെയുള്ള ആൾക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.

## അദ്ധ്യായം VII

### പലവക

23. ഉത്തമ വിശ്വാസത്തിൽ എടുത്തിട്ടുള്ള നടപടിക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെങ്കിലും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തിനെങ്കിലുംവേണ്ടി ഉണ്ടായിട്ടുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ എന്തെങ്കിലും നഷ്ടത്തിന് കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

24. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം. —(1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും, താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കായി അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ദാതാവിന് അയാളുടെ മരണത്തിനുമുമ്പ് അയാളുടെ ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യൽ അധികാരപ്പെടുത്താവുന്നത് ഏതു രീതിയിലും ഏതു നിബന്ധനകൾക്ക് വിധേയമായിട്ടുമാണെന്ന്;

(ഖ) 3-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ഒരു ബ്രെയിൻ-സ്റ്റെം ഡെത്ത് സാക്ഷ്യപ്പെടുത്തേണ്ടതും ആ ആവശ്യത്തിലേക്കായി ബോദ്ധ്യപ്പെടുത്തേണ്ട നിബന്ധനകളും ആവശ്യകതകളും ഏതു ഫാറത്തിലും രീതിയിലുമാണെന്ന്;

(ഗ) 3-ാം വകുപ്പ് (7)-ാം ഉപവകുപ്പുപ്രകാരം ഒരു മൈനറുടെ ബ്രെയിൻ-സ്റ്റെം ഡെത്തിന്റെ സംഗതിയിൽ, ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിന് മാതാപിതാക്കളിൽ ആരെങ്കിലും അധികാരം നൽകാവുന്നത് ഏതു ഫാറത്തിലും രീതിയിലുമാണെന്ന്;

(ഘ) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ആശുപത്രി അല്ലെങ്കിൽ ജയിലിന്റെ നടത്തിപ്പിന്റെയോ നിയന്ത്രണത്തിന്റെയോ ചാർജുള്ള ആൾ, അവകാശം ഉന്നയിക്കപ്പെടാത്ത ഒരു മൃതശരീരത്തിൽ നിന്നും ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിനായി അധികാരം നൽകാവുന്നത് ഏതു ഫാറത്തിലാണെന്ന്;

(ങ) 7-ാം വകുപ്പുപ്രകാരം ഏതെങ്കിലും ആളുടെ ശരീരത്തിൽ നിന്നും നീക്കം ചെയ്ത മനുഷ്യാവയവത്തിന്റെ സുരക്ഷിതമാക്കി സൂക്ഷിക്കലിന് എടുക്കേണ്ടതായ നടപടികൾ;

(ച) 9-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ദാതാവും സ്വീകർത്താവും കൂട്ടായി നല്കേണ്ടതായ ഒരപേക്ഷ ഏതു ഫാറത്തിലും രീതിയിലുമാണെന്ന്;

(ഛ) 12-ാം വകുപ്പുപ്രകാരം ദാതാവിനോടും സ്വീകർത്താവിനോടും രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകൻ നീക്കം ചെയ്യലും മാറ്റിവയ്ക്കലും സംബന്ധിച്ച് ഉണ്ടാകാനിടയുള്ള എല്ലാ ഫലങ്ങളും സങ്കീർണ്ണതകളും അപകടങ്ങളും വിശദീകരിച്ചുകൊടുക്കേണ്ടത് ഏതു രീതിയിലാണെന്ന്;

(ജ) 13-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (iii)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും മനുഷ്യാവയവത്തിന്റെ നീക്കം ചെയ്യലിലോ സംഭരിക്കലിലോ മാറ്റിവയ്ക്കലിലോ ഏർപ്പെട്ടിരിക്കുന്ന ആശുപത്രികൾക്ക് സമുചിത അധികാരസ്ഥാനം നടപ്പിലാക്കേണ്ടതായ നിലവാരം;

(ഝ) 13-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡപ്രകാരം സമുചിത അധികാരസ്ഥാനം അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഏറ്റെടുക്കേണ്ടതായ മറ്റ് നടപടികൾ;

(ഞ) 14-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷ നൽകേണ്ടതും അതോടൊന്നിച്ചുള്ള ഫീസ് കൊടുക്കേണ്ടതും ഏതു ഫാറത്തിലും രീതിയിലുമാണെന്ന്;

(ട) 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു ആശുപത്രി രജിസ്ട്രേഷനുവേണ്ടി നൽകേണ്ടതായ പ്രത്യേക സേവനങ്ങളും സൗകര്യങ്ങളും കൈവശം വയ്ക്കേണ്ടതായ വിദഗ്ദ്ധ മാനവശേഷിയും ഉപകരണങ്ങളും, പുലർത്തേണ്ടതായ നിലവാരവും;

(ഠ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു ആശുപത്രിക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത് ഏതു ഫാറത്തിലും ഏതു കാലയളവിലേക്കും ഏതു വ്യവസ്ഥകൾക്ക് വിധേയമായിട്ടുമാണെന്ന്;

(ഡ) 15-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കേണ്ടത് ഏതു രീതിയിലും എത്ര ഫീസ് ഒടുക്കേണ്ടതിന്മേലാണെന്നും;

(ഢ) 17-ാം വകുപ്പുപ്രകാരം ഒരു അപ്പീൽ ബോധിപ്പിക്കാവുന്നത് ഏതു രീതിയിലാണെന്ന്;

(ണ) ആരോപിക്കപ്പെട്ട കുറ്റത്തേയും കോടതിയിൽ ഒരു പരാതി നൽകുവാനുള്ള അയാളുടെ ഉദ്ദേശ്യത്തെയും സംബന്ധിച്ച് സമുചിത അധികാരസ്ഥാനത്തിന് 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ആവശ്യമായ നോട്ടീസ് ഒരാൾ നൽകേണ്ടത് ഏതു രീതിയിലാണെന്ന്;

(ത) നിർണ്ണയിക്കപ്പെടുവാൻ ആവശ്യമായതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി;

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകാവുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

25. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) ദി ഇയർ ഡ്രംസ് ആന്റ് ഇയർ ബോൺസ് (അതോറിറ്റി ഫോർ യൂസ് ഫോർ തെറാപ്യൂട്ടിക് പർപ്പസസ്) ആക്റ്റ്, 1982 (1982-ലെ 28)-ഉം ദി ഐസ് (അതോറിറ്റി ഫോർ യൂസ് ഫോർ തെറാപ്യൂട്ടിക് പർപ്പസസ്) ആക്റ്റ്, 1982 (1982-ലെ 29)-ഉം ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) എന്നിരുന്നാലും, റദ്ദാക്കൽ, അപ്രകാരം റദ്ദാക്കിയ ആക്റ്റുകളുടെ നേരത്തേയുള്ള പ്രാബല്യത്തെയോ അല്ലെങ്കിൽ അതിൻകീഴിൽ യഥാവിധി ചെയ്തതോ സഹിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലുമോ ബാധിക്കുന്നതല്ല.